**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **22-02-2022 - ൽ മറുപടിയ്ക്ക്**

**മനസ്സോടിത്തിരി മണ്ണ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി 2,79,131 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത ക്യാമ്പയിനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാ/തദ്ദേശസ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു സെന്റ് മുതൽ മുകളിലോട്ട് വിസ്തൃതിയുള്ള ഭവന നിർമ്മാണ യോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന രീതിയാണ് ഇതിൽ പ്രധാനം. ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി സൗജന്യമായി നൽകുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഭൂമി വാങ്ങുന്നതിനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയാണ് മറ്റൊന്ന്. സംഭാവനകൾ ഒരു കാരണവശാലും തദ്ദേശ സ്ഥാപനങ്ങളോ സർക്കാർ ഏജൻസികളോ നേരിട്ട് വാങ്ങുന്നതല്ല. എന്നാൽ ഈ രണ്ടു രീതികളിലും ഭൂമി ലഭ്യമാക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് മാത്രമായിരിക്കും. |

| | | | |
|---|---|---|---|
| (സി) | ചില൪ രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങൾ ഉന്നയിച്ച് പ്രസ്തുത പദ്ധതി നടത്തിപ്പിൽ കാലതാമസം വരുത്തുന്നതായും അതിലൂടെ ഭവനരഹിതരായ സാധാരണക്കാരുടെ താല്പര്യങ്ങൾ ഹനിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സ൪ക്കാ൪ എപ്രകാരമാണ് നേരിടുന്നതെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസ൪

## അനുബന്ധം

| LIFE MISSION PROGRESS REPORT -COMPLETED HOUSES –09.02.2022 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| DISTRICT | PHASE 1 | PHASE 2 | PHASE 3 | PMAY (U) | PMAY (R ) | SC DEPT. | ST DEPT. | FISHERIES DEPT | MINORITY DEPT | ADDITIONAL LIST (HOUSES LESS WITH LAND) | TOTAL |
| Thiruvanathapuram | 6049 | 15172 | 684 | 10437 | 3150 | 2384 | 3 | 1617 | 152 | 105 | 39753 |
| Kollam | 3617 | 8442 | 1059 | 5555 | 1695 | 1956 | 3 | 770 | 107 | 23 | 23227 |
| Pathanamthitta | 1176 | 1998 | 494 | 1403 | 842 | 1248 | 7 | 10 | 75 | 168 | 7421 |
| Alappuzha | 2728 | 9214 | 393 | 4343 | 859 | 1278 | 10 | 607 | 193 | 221 | 19846 |
| Kottayam | 1102 | 4232 | 1049 | 2050 | 625 | 1240 | 42 | 79 | 81 | 224 | 10724 |
| Idukki | 3129 | 9989 | 1261 | 1722 | 811 | 1227 | 114 | 15 | 97 | 87 | 18452 |
| Ernakulam | 1059 | 5411 | 980 | 9147 | 815 | 1944 | 53 | 329 | 79 | 182 | 19999 |
| Thrissur | 2997 | 4980 | 893 | 6984 | 1792 | 2228 | 22 | 117 | 118 | 163 | 20294 |
| Palakkad | 7611 | 11936 | 517 | 5737 | 2464 | 2763 | 493 | 14 | 127 | 32 | 31694 |
| Malappuram | 2729 | 6232 | 937 | 9265 | 2467 | 2553 | 29 | 481 | 678 | 260 | 25631 |
| Kozhikodu | 6483 | 4972 | 266 | 5541 | 1324 | 1311 | 12 | 345 | 124 | 214 | 20592 |
| Wayanad | 8440 | 3680 | 356 | 2513 | 937 | 1073 | 1716 | 0 | 218 | 35 | 18968 |
| Kannur | 2644 | 2579 | 716 | 4113 | 718 | 777 | 345 | 212 | 176 | 115 | 12395 |
| Kasarkodu | 2871 | 3492 | 469 | 1644 | 672 | 623 | 50 | 122 | 138 | 54 | 10135 |
| Total | 52,635 | 92,329 | 10,074 | 70,454 | 19,171 | 22,605 | 2,899 | 4,718 | 2,363 | 1,883 | 2,79,131 |

Reeny

സെക്ഷൻ ഓഫീസർ